# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2801 10.03.2017- ൽ മറുപടിക്ക്**

**നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ് അദ്ധ്യാപകൻ ശ്രീ. വി. എസ്. ഹരിയുടെ നിയമനം**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 5942 ചോദ്യത്തിനുള്ള മറുപടിയിൽ കൊല്ലം മൈനാഗപ്പള്ളി മിലാദേ ഷെറീഫ് ഹയർ സെക്കന്ററി സ്കൂളിലെ അറബിക് എച്ച്.എസ്.എ ആയിരുന്ന ശ്രീമതി സക്കീനയ്ക്ക് അതേ സ്കൂളിലെ എച്ച്.എസ്.എസ്.ടി (അറബിക്) ആയി സെലക്ഷൻ കമ്മിറ്റി ചേരാതെ തന്നെ നിയമനം നൽകിയതായി മറുപടി നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിന്റെ പകർപ്പാണ് നൽകിയിട്ടുള്ളത് |
| (ബി) പ്രസ്തുത അദ്ധ്യാപിക ജോലി നോക്കുന്ന എയ്ഡഡ് സ്കൂളിലുണ്ടായ ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുമ്പോൾ യോഗ്യതയുള്ള മറ്റൊരാൾ അതേ സ്കൂളിൽ ഇല്ലാതിരുന്നതു കൊണ്ടാണോ സെലക്ഷൻ കമ്മിറ്റി ചേരാതെ തന്നെ നിയമനം നൽകാൻ തീരുമാനമെടുത്തത്; | (ബി) | ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് അനുസരിച്ച് സെലക്ഷൻ കമ്മിറ്റി കൂടി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. അപ്രകാരം നിയമനം നൽകേണ്ടത് മാനേജരാണ്. |
| (സി) എങ്കിൽ അതേ പ്രകാരമുള്ള സാഹചര്യമായതിനാൽ തിരുവനന്തപുരം നെല്ലിമൂട് ന്യൂ ഹയർ സെക്കന്ററി സംസ്കൃതം എച്ച്.എസ്.എ ആയിരുന്ന ശ്രീ. വി.എസ്. ഹരി-ക്ക് സംസ്കൃതം എച്ച്.എസ്.എസ്.ടി യുടെ ഒഴിവുണ്ടായ 01.06.2015 മുതൽ തന്നെ തസ്തികമാറ്റം വഴി നിയമനം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ